പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2680 19.03.2015 ലെ മറുപടിയ്ക്ക്

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമനം

| ചോദ്യം<br>ശ്രീ. കെ.രാജു | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ പാർട്ട് ടൈം ടൈപ്പ്റൈറ്റിംഗ് ഇൻസ്ട്രക്ടർമാരെ നിയമിച്ചത് എന്നാണ്; എത്ര പേരെ നിയമിച്ചു ; നിയമനം ഏത് രീതിയിൽ ആയിരുന്നു ; വ്യക്തമാക്കുമോ ; | എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 4 പേരെ നിയമിച്ചു. 1986 നവംബറിൽ 3 പേരെയും 23.10.1997 ൽ ഒരാളെയുമാണ് നിയമിച്ചത്. 3 പേരെ നിയമിച്ചത് പത്ര പരസ്യം ചെയ്ത് ആപ്ലിക്കേഷൻ സ്വീകരിച്ച് ടെസ്റ്റും ഇന്റർവ്യൂവും നടത്തിയാണ്. ഒരാളെ എംപ്ലോയ്മെന്റ് എക് സ്ചേഞ്ച് മുഖേനയാണ് നിയമിച്ചത് |
| ബി) | ഇവർക്ക് ഫുൾ ടൈം ഇൻസ്ട്രക്ടർമാരായി സ്ഥാനക്കയറ്റം നൽകിയത് എന്നത്തെ ബോർഡ് തീരുമാനപ്രകാരം ആയിരുന്നു; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇവർ ഇപ്പോൾ ഏത് തസ്തികയിലാണ് സേവനം അനുഷ്ഠിക്കുന്നത് ; ആയതിന്റെ സാഹചര്യം വിശദമാക്കാമോ ; | ബി) | പാർട്ട് ടൈം ടൈപ്പ്റൈറ്റിംഗ് ഇൻസ്ട്രക്ടർ തസ്തിക ഫുൾ ടൈം ആയി ഉയർത്തിയത് ബോർഡ് ഓഫ് ഗവേർണേഴ്സിന്റെ 9.3.1993 ലെ തീരുമാന പ്രകാരം ആയിരുന്നു. ഇപ്പോൾ ഇവർ ഫുൾ ടൈം ഇൻസ്ട്രക്ടർ ഇൻ സൂപ്പർ ന്യൂമററി തസ്തികയിലാണ് സേവനം അനുഷ്ഠിക്കുന്നത്. ടൈപ്പ്റൈറ്റിംഗ് എന്നുള്ള വിഷയം പാഠ്യ പദ്ധതിയിൽ നിന്നും ഒഴിവാക്കി കമ്പ്യൂട്ടർ ഉൾപ്പെടുത്തിയപ്പോൾ നിലവിലുണ്ടായിരുന്ന ഇൻസ്ട്രക്ടർ ഇൻ ടൈപ്പ്റൈറ്റിംഗ് തസ്തിക സൂപ്പർ ന്യൂമററി ആക്കുകയും അങ്ങനെ ഉള്ള വരെ അവരുടെ സേവന കാലാവധി തീരുന്നതു വരെ എൽ.ഡി.ക്ലാർക്കിന്റെ ജോലികൾ ചെയ്യാൻ ആവശ്യപ്പെടുകയുണ്ടായി. |
| സി) | 1986 മുതൽ കഴിഞ്ഞ ശമ്പള പരിഷ്കരണം വരെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പാക്കിയ എല്ലാ ശമ്പളപരിഷ്കരണ ആനുകൂല്യങ്ങളും ഈ വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ; | സി) | ഇല്ല |
| ഡി) | ഇല്ലെങ്കിൽ 21.8.2013 ൽ അനുവദിച്ച ശമ്പള പരിഷ്കാരങ്ങൾ ഇവർക്ക് നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ? | ഡി) | ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ പ്രൊപ്പോസലിൽ മേല്പറഞ്ഞ വിഭാഗക്കാരുടെ കാര്യം ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഇത് ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് സർക്കാർ ഈ കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ